80 കിലോമീറ്റർ ദൂരെയുള്ള തെക്കൻ കാശ്മീർ ഗ്രാമത്തിലാണ് ഈ അക്രമം അരങ്ങേറിയത്. പട്ടാള യൂണിഫോറം ധരിച്ച നാല്പതോളം ആയുധധാരികൾ വീടുകളിൽ കയറി പുരുഷന്മാരെ പുറത്തിറക്കി നിരനിരയായി നിർത്തിയതിനുശേഷം ഓരോരുത്തരെയായി വെടിവച്ച് കൊല്ലുകയാണുണ്ടായത്. കൂടുംബാംഗങ്ങളെല്ലാം നോക്കിൽനിൽക്കെയാണ് ഈ പ്രീയപ്പെട്ടവരെ ഭീകരവാദികളായ കൊലയാളികൾ വെടിയുണ്ടയ്ക്ക് ഇരയാക്കിയത്. കാശ്മീർ ജനതയാകെ ഹോളി ആഘോഷിക്കുമ്പോഴാണ് സിക്ക് ജനവിഭാഗത്തിൽപ്പെട്ട 35 പേരെ അതിക്രൂരമായി കൊല ചെയ്തത്. പാക്കിസ്ഥാന്റെ സഹായത്തോടെയാണ് ഭീകരവാദികൾ ഈ കൊടുംക്രൂരത കാട്ടിയത്. നമ്മുടെ രാഷ്ട്രീയത്തിന്റെ അഖണ്ഡതയെത്തന്നെ ചോദ്യം ചെയ്യുന്ന ഒരു സംഭവമാണിത്. പൈശാചികവും മനുഷ്യ മനസ്സാക്ഷിയെത്തന്നെ ചോദ്യം ചെയ്യുന്ന സംഭവമാണ് നടന്നത്. ഈ സംഭവത്തിൽ സഭയ്ക്കുള്ള ഉത്കണ്ഠ രേഖപ്പെടുത്തുകയും ഭീകര തീവ്രവാദികളുടെ നടപടിയെ ശക്തമായി അപലപിക്കുകയും നിരപരാധികളായ സഹോദരന്മാരുടെ മരണത്തിലുള്ള അനുശോചനം രേഖപ്പെടുത്തുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, ജമ്മുകാശ്മീരിലെ അനന്തനാഗ് ജില്ലയിൽ കഴിഞ്ഞ രാത്രി പാക്കിസ്ഥാൻ തീവ്രവാദികൾ 35 സിക്കുകാരെ കൂട്ടക്കൊല ചെയ്തു. അത്യന്തം ദാരുണമായ ഈ സംഭവത്തെ ശക്തമായി അപലപിക്കുകയും ഈ സഭയുടെ ഉത്കണ്ഠയും അനുശോചനവും രേഖപ്പെടുത്തുകയും ചെയ്യുന്നു.

(4) ഹരിപ്പാട് മണ്ഡലത്തിലെ ടൂറിസം വികസനം

പ്രൊഫ. എ. വി. താമരാക്ഷൻ : സർ, അനന്തമായ ടൂറിസം സാദ്ധ്യതയുള്ള ഹരിപ്പാട് മണ്ഡലത്തിൽ ടൂറിസം വികസനത്തിനുവേണ്ടി അവിടത്തെ എം.എൽ.എ. എന്നുള്ള നിലയിൽ ഞാൻ തന്നെ അവിടത്തെ ജനങ്ങളുമായി ചർച്ച ചെയ്ത് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കി ഗവൺമെന്റിൽ കൊടുത്തിട്ടുണ്ട്. വിസ്തൃതമായ കടലോരവും നിരവധി കായലോരങ്ങളും തെങ്ങിൻ തോപ്പുകളും കൊണ്ട് പ്രകൃതി കനിഞ്ഞനുഗ്രഹിച്ച ഒരു പ്രദേശമാണ് ഹരിപ്പാട്. കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമെന്നുകൂടി വിശേഷിപ്പിക്കാവുന്ന ഒരു പ്രദേശമാണ് ഹരിപ്പാട്. കേരളവർമ്മ വലിയ കോയിതമ്പുരാൻ, എ. ആർ. രാജ രാജ വർമ്മ, ബഹുഭാഷാപണ്ഡിതൻ ശേഷാദ്രി അയ്യർ, സംഗീത സാമ്രാട്ട് സ്വാതിതിരുനാളിന്റെ ഗുരു കൊച്ചുപിള്ള വാര്യർ, കഥകളി ആചാര്യൻ രാമകൃഷ്ണപിള്ള തുടങ്ങി നിരവധി സാംസ്കാരിക നായകന്മാർക്ക് ജന്മംകൊടുത്ത പ്രദേശമാണ് ഹരിപ്പാട്. ഇത് കേരളത്തിന്റെ ഒരു ക്ഷേത്ര നഗരം കൂടിയാണ്. കേരളത്തിലെ ഏറ്റവും പ്രസിദ്ധമായ ശ്രീ. സുബ്രഹ്മണ്യ ക്ഷേത്രം, ഇൻഡ്യയിലെതന്നെ പ്രസിദ്ധമായ നാഗരാജ ക്ഷേത്രമായ മണ്ണാർശാല ക്ഷേത്രം, കാർത്തികപള്ളിയിലെ ക്രൈസ്തവ ദേവാലയങ്ങൾ, അറവുകാട്ടെയും പാനൂരിലേയും പ്രസിദ്ധമായ മുസ്ലീം ദേവാലയങ്ങൾ തുടങ്ങി മതസൗഹാർദ്ദത്തിന്റെ പ്രതീകമായി നിൽക്കുന്ന നിരവധി ആരാധനാലയങ്ങൾ ഇവിടെയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ മാതാ അമൃതാനന്ദമയിയുടെ ആശ്രമം, ആയിരക്കണക്കിന് വിദേശ ടൂറിസ്റ്റുകൾ വരുന്ന ആശ്രമം, തൊട്ടടുത്താണ്. ഇവിടെനിന്നും മൂന്ന് കിലോമീറ്ററേയുള്ളൂ. ഇത്തരത്തിൽ വളരെയേറെ സാദ്ധ്യതയുള്ള വിദേശികളെ ഏറ്റവും ആകർഷിക്കുന്ന കേരളത്തിലെ ജലോത്സവങ്ങളായ പായിപ്പാട് ജലോത്സവവും, കുമാരനാശാൻ സ്മാരക ജലോത്സവവും ഒക്കെ നടക്കുന്നത് ഹരിപ്പാട്ടാണ്. ഇത്തരത്തിൽ ടൂറിസം വികസനത്തിന് ഏറ്റവും സാദ്ധ്യതയുള്ള ആ മണ്ഡലത്തിലെ വികസനത്തിനുവേണ്ടി, സ്വകാര്യ സംരംഭകരെപ്പോലും ആകർഷിക്കാൻ പറ്റുന്നവിധത്തിൽ ഒരു പ്ലാൻ തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. അതിന് ഏറ്റവും വേഗം അംഗീകാരം കൊടുക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ, ഹരിപ്പാട് കേന്ദ്രീകരിച്ച് സമഗ്രമായ ടൂറിസം വികസനത്തിനായി പ്രൊഫ. എ. വി. താമരാക്ഷൻ ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്. ടൂറിസ്റ്റ് അമിനിറ്റീസ് സെന്റർ, ഹോട്ടൽ, ജനതാ ഹൗസ് ബോട്ടുകൾ, ഹോളിഡേ സെന്ററുകൾ എന്നിവയാണ് നിർദ്ദിഷ്ട പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ളത്. ഇതിന് 235.50 ലക്ഷം രൂപ മതിപ്പ് ചെലവ് വരും. പദ്ധതി നിർവ്വഹണത്തിന്റെ സ്ഥലലഭ്യത വിശദമായ പ്രോജക്ട് റിപ്പോർട്ട് ഫീസിബിലിറ്റി പഠനം എന്നിവ ആവശ്യമാണ്. ആലപ്പുഴ ജില്ലാ പ്രൊമോഷൻ കൗൺസിലിനോട് ഇക്കാര്യം വിശദമായി പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ ടൂറിസം പ്രമോഷന്റെ അഭിപ്രായംകൂടി കണക്കിലെടുത്ത് വിഭവ ലഭ്യതയ്ക്കനുസരിച്ച് ഈ പദ്ധതിക്ക് സാമ്പത്തിക സഹായം നൽകുന്ന കാര്യം സജീവ പരിഗണനയിലാണ്.

മി. സ്പീക്കർ : ശ്രീ. എം. മുരളിയുടെ സബ്മിഷൻ ഇന്നലെ ഉന്നയിക്കേണ്ടതായിരുന്നു.

(5) ഗവൺമെന്റ് പ്ലീഡർമാരുടേയും പബ്ലിക് പ്രോസിക്യൂട്ടർമാരുടേയും സേവന -വേതന വ്യവസ്ഥകൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. മുരളി : സർ, കേരളത്തിലെ ഗവൺമെന്റ് പ്ലീഡർമാരുടേയും പബ്ലിക് പ്രോസിക്യൂട്ടർമാരുടേയും പ്രതിഫലവും സേവന-വേതന വ്യവസ്ഥകളും കാലോചിതമായി പരിഷ്ക്കരിക്കണമെന്ന ആവശ്യമാണ് ഞാൻ നിയമ വകുപ്പു മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. ഇതു സംബന്ധിച്ച് കേരള ഗവൺമെന്റ് പ്ലീഡേഴ്സ് ആന്റ് പബ്ലിക് പ്രോസിക്യൂട്ടേഴ്സ് അസോസിയേഷൻ നിരവധി നിവേദനങ്ങൾ ഗവൺമെന്റിന് സമർപ്പിക്കുകയുണ്ടായി. ഗവൺമെന്റ് പ്ലീഡേഴ്സിനും പബ്ലിക് പ്രോസിക്യൂട്ടേഴ്സിനും ആരംഭകാലത്ത് ജില്ലാ ജഡ്ജിമാരുടെ ശമ്പളത്തിന് തുല്യമായ പ്രതിഫലമാണ് നൽകിയിരുന്നത്. പക്ഷെ ഇന്ന് അത് ജില്ലാ ജഡ്ജിമാരുമായി താരതമ്യം ചെയ്യുമ്പോൾ പത്തിലൊന്നായി ചുരുങ്ങിയിരിക്കുകയാണ്. ആലപ്പുഴ ജില്ലയിലുള്ളവർക്ക് വർഷങ്ങളായി അതുപോലും കൊടുക്കാതിരിക്കുകയാണ്. കളക്ടർമാരിലൂടെയാണ് ഇത്

LIBRARY ARCHIVES Kerala Legislative Assembly